**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2146** **20-01-2021 - ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലം താലൂക്കാശുപത്രിയിൽ മാസ്റ്റർ പ്ലാൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉണ്ണി | | Smt. K. K .Shailaja Teacher<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | ഒറ്റപ്പാലം താലൂക്കാശുപത്രിയിൽ മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തുകയാണ് അനുവദിച്ചത്; | (എ) | ഒറ്റപ്പാലം താലൂക്ക് ആശുപത്രിയുടെ വികസനം കിഫ്ബിയിൽപ്പെടുത്തി നിർവ്വഹിക്കുന്നതിനായി 30.07.2020 ൽ 13.62 കോടി രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്. |
| (ബി) | മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; | (ബി) | കിഫ്ബിയിൽപ്പെടുത്തി, പദ്ധതി നടപ്പിലാക്കുന്നതിന് എച്ച്.എൽ.എൽ ഇൻഫ്രാടെക് സർവ്വീസസ് ലിമിറ്റഡിനെയാണ് (HITES) ചുമതലപ്പെടുത്തിയിട്ടുള്ളത്. |
| (സി) | മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിന്റെ നിർവ്വഹണ പുരോഗതി വിശദീകരിക്കാമോ? | (സി) | കിഫ്ബിയിൽപ്പെടുത്തി ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ നടപ്പിലാക്കുന്ന പദ്ധതിക്ക് സർക്കാർ 30.07. 2020 ൽ നൽകിയ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ ഹൈറ്റ്സ് വിശദമായ പദ്ധതി രേഖ തയ്യാറാക്കി 18.12.2020 ന് കിഫ്ബി പരിശോധനയ്ക്കായി നൽകിയിട്ടുണ്ട്. പദ്ധതി രേഖയുടെ വിശദമായ പരിശോധനയ്ക്ക് ശേഷം കിഫ്ബിയിൽ നിന്നും സാമ്പത്തിക അനുമതി ലഭിച്ച ശേഷമാണ് ടെൻഡർ നടപടികളിലേയ്ക്ക് കടക്കുക. കിഫ്ബിയിൽ നിന്ന് സാമ്പത്തിക അനുമതി ലഭിക്കുന്ന മുറയ്ക്ക് കാലതാമസം കൂടാതെ പദ്ധതി നിർവഹണം ആരംഭിക്കുവാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ